# കടം വലക്കുമ്പോൾ

അബ്ദുൽ ജബ്ബാർ അബ്ദുല്ല

اللَّهُمَّ اِكْفِنِي بِحَلاَلِكَ عَنْ حَرَامِكَ وَأَغْـــنِّي بِفَضْلِكَ عَمَّنْ سِوَاكَ

"അല്ലാഹുവേ, നിന്റെ ഹറാമിൽ നിന്ന് നിന്റെ ഹലാലിൽ നീ എനിക്ക് മതി വരുത്തേണമേ, നിന്റെ ഔദാര്യം കൊണ്ട് നീയല്ലാത്തവരിൽനിന്ന് എനിക്ക് നീ ധന്യത നൽകേണമേ."

അല്ലാഹുവിന്റെ റസൂൽﷺ, അലിؓയെ പഠിപ്പിച്ച വചനങ്ങൾ. ഒരു പർവ്വതത്തോളം കടം ഉണ്ടെങ്കിലും ഇവകൊണ്ട് ദുആ ചെയ്താൽ അല്ലാഹു അത് വീട്ടിത്തരുമെന്ന് അലിؓ പറയുമായിരുന്നു. സുനനുത്തിർമുദി. അൽബാനി ഹദീഥിനെ ഹസനെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.

اللَّهُمَّ إِنِّى أَعُوذُ بِكَ مِنَ الْهَمِّ وَالْحَزَنِ ، وَالْعَجْزِ وَالْكَسَلِ ، وَالْجُبْنِ وَالْبُخْلِ ، وَضَلَعِ الدَّيْنِ ، وَغَلَبَةِ الرِّجَالِ

"അല്ലാഹുവേ, മനോവ്യഥയിൽനിന്നും ദുഃഖത്തിൽനിന്നും അശക്തതയിൽനിന്നും അലസതയിൽനിന്നും ഭീരുത്വത്തിൽനിന്നും പിശുക്കിൽനിന്നും കടഭാരത്തിൽനിന്നും ആളുകളുടെ മേൽ കോയ്മയിൽനിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു."

നബിﷺ ചൊല്ലിയിരുന്നതായി ഇമാം ബുഖാരി റിപ്പോർട്ട് ചെയ്ത ഹദീഥിലുണ്ട്.